പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4791 | 29.06.2012 ൽ മറുപടിയ്ക്ക് |
|---|---|

സ്വന്തമായി സ്ഥലമുള്ള അംഗവൻവാടികൾക്ക്
കെട്ടിട നിർമ്മാണത്തിന് ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. പി. വിൻസെന്റ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുകയാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ ; | (എ) ഉണ്ട്. അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ക്രമീകരിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. എങ്കിലും 2011-12 വർഷത്തിൽ നബാർഡിന്റെ RIDF XVII ൽ പ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകൾക്കായുള്ള മാസ്റ്റർ പ്ലാൻ പാക്കേജിന്റെ ഭാഗമായി 65 അംഗൻവാടി കെട്ടിടങ്ങളും ഒരു ക്രഷും നിർമ്മിക്കുന്നതിന് 485.16 ലക്ഷം രൂപയുടെ ( 15% സംസ്ഥാന വിഹിതം) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക്, കൊടകര ബ്ലോക്ക് എന്നിവിടങ്ങളിലെ എത്ര അംഗവൻവാടികൾക്കാണ് കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) ഒല്ലൂക്കര ബ്ലോക്കിൽ സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം 90 അംഗൻവാടികൾക്കും കൊടകര ബ്ലോക്കിൽ വകുപ്പ് 21 അംഗൻവാടികൾക്കും മുൻപ് ഫണ്ട് നൽകിയിരുന്നു. |
| (സി) | കെട്ടിട നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ബ്ലോക്കുകളിലെ എത്ര അംഗൻവാടികളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ? | (സി) ഒല്ലൂക്കര ബ്ലോക്കിൽ -12 ഉം കൊടകര ബ്ലോക്കിൽ 29-ഉം അംഗൻവാടികളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ